# യിരെമ്യാവ്, കണ്ണീരിന്റെ മനുഷ്യൻ



എഴുതിയത് : Edward Hughes
ഉദാഹരണം : Jonathan Hay
അംഗീകരിച്ചത് : Mary-Anne S.
തർജ്ജിമ ചെയ്യതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

യഹൂദാദേശത്ത് ഭക്തിയുള്ളൊരു കുടുംബത്തിലായിരുന്നു യിരെമ്യാവിന്റെ ജനനം. അവന്റെ പിതാവായ ഹില്കീയാവ് ഒരു പുരോഹിതനായിരുന്നു. യെരൂശലേമിൽനിന്ന് അധികം ദൂരത്തല്ലാതെ അനാഥോത്ത് എന്ന പട്ടണത്തിലാണ് ഈ കുടുംബം താമസിച്ചിരുന്നത്. യിരെമ്യാവും ഒരു പുരോഹിതനാകുമെന്ന് അവന്റെ മാതാപിതാക്കന്മാർ ചിന്തിച്ചുകാണും. എന്നാൽ ദൈവത്തിന് വേറെ ചില പദ്ധതികളുണ്ടായിരുന്നു.





യിരെമ്യാവ്
ജനിച്ചകാലത്ത് ദൈവത്തിന്റെ ജനം
ദൈവവചനപ്രകാരം ജീവിച്ചിരുന്നില്ല.
മിക്കവാറും എല്ലാവരും, രാജാവു
മുതൽ താഴെതട്ടിലുള്ള
കൂലിപ്പണിക്കാരൻ വരെ വ്യാജ
ദൈവങ്ങളെയാണ് ആരാധിച്ചത്.
ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിൽ
പോലും അങ്ങനെയായിരുന്നു
ചെയ്തത്.

യിരെമ്യാവ് ഒരു ബാലനായിരുന്നപ്പോൾതന്നെ ദൈവം അവനോട് സംസാരിച്ചു.

“നീ ജനിക്കും മുമ്പെ എനിക്ക് നിന്നെ അറിയാമായിരുന്നു,”



ദൈവം യിരെമ്യാവിനോട് പറഞ്ഞു. “നീ എനിക്കുവേി സംസാരിക്കുന്നുവെന്ന് ഞാൻ പ േ തീരുമാനിച്ചിരുന്നതാണ്.”

ദൈവത്തിന്റെ വിളി യിരെമ്യാവിനെ ഭയപ്പെടുത്തിയെന്നു തോന്നുന്നു. “ഓ, യഹോവയായ ദൈവമേ,” യിരെമ്യാവ് കരഞ്ഞുവിളിച്ചു. “എനിക്കു സംസാരിക്കുവാൻ വയ്യ, ഞാനൊരു ബാലനല്ലോ.” അവൻ ബാലനെക്കാൾ മുതിർന്നവനായിരുന്നു. അവന് ഇരുപത് വയസ് ഉായിരുന്നു. എന്നാൽ തനിക്ക്



ചുറ്റുമുള്ള ദുഷ്ടതയ്ക്ക് എതിരായി ദൈവത്തിനുവേി ശബ്ദമുയർത്തുവാൻ കഴിയുമെന്ന് യിരെമ്യാവ് ചിന്തിച്ചില്ല.



“ഭയപ്പെടരുത്,” ദൈവം അവനെ സമാധാനിപ്പിച്ചു. “ഞാൻ നിന്നെ അയയ്ക്കുന്നിടത്തു പോകുക. ഞാൻ നിന്നോടു പറയുന്നത് പറയുക.

ഞാൻ നിന്നോടുകൂടെയു്. ഞാൻ നിന്നെ വിടുവിക്കും.” എന്നിട്ട് ദൈവം വളരെ പ്രത്യേകമായ ഒരു കാര്യം ചെയ്തു. ദൈവം യിരെമ്യാവിന്റെ വായെ തൊട്ടു.

ദൈവം യിരെമ്യാവിന് ധൈര്യവും ബലവും ജ്ഞാനവും കൊടുത്തു. അവൻ ധീരമായി സംസാരിച്ചു. ദൈവം അവരെ സ്നേഹിക്കുന്നുവെന്നും അവരെ സഹായിക്കാൻ ആഗ്രഹിക്കുന്നുവെന്ന് അവൻ ജനങ്ങളെ ഓർമിപ്പിച്ചു. എന്നാൽ ആരും അവൻ പറഞ്ഞത് കൂട്ടാക്കിയില്ല. രാജാവുപോലും അതു കേട്ടില്ല.



പുരോഹിതന്മാർക്കുപോലും ദേഷ്യമായി. ദൈവത്തെക്കുറിച്ച് സംസാരിക്കുന്നത് നിർത്താൻ അവനോട് ആവശ്യപ്പെട്ടു. യിരെമ്യാവ് പറയുന്നത് സത്യമല്ല എന്ന് അവിടെയുായിരുന്ന കള്ള പ്രവാചകന്മാർ പറഞ്ഞു.



യിരെമ്യാവ് ജനങ്ങളെ ഓർമപ്പെടുത്തി, ഏകദേശം നൂറ് വർഷങ്ങൾക്കുമുമ്പ് വടക്കേ രാജ്യമായ യിസ്രായേൽ ദൈവത്തെ ഉപേക്ഷിച്ചുകളഞ്ഞു. അവരുടെ ശത്രുക്കളായ അസീറിയക്കാർ വന്ന് അവരെ കീഴടക്കി അടിമകളാക്കി വിദൂരദേശത്തേക്ക് കൊണ്ടുപോയി.





ഇപ്പോൾ തെക്കേരാജ്യമായ യഹൂദാദേശത്തെ ജനങ്ങൾ ദൈവത്തെ ഉപേക്ഷിച്ചിരിക്കുന്നു. ശത്രുസൈന്യങ്ങൾ ഇങ്ങോട്ടേക്കു മാർച്ചു തുടങ്ങിക്കഴിഞ്ഞിരിക്കുന്നു! തന്റെ ജനം കീഴടങ്ങുവാനും അവരെ പ്രവാസികളായി കൊണ്ടുപോകുവാനും ദൈവം അനുവദിക്കുമോ?

ജനങ്ങൾ അന്യദൈവങ്ങളിൽ ആശ്രയിച്ചു. തങ്ങളുടെ ശത്രുക്കളിൽനിന്ന് ഈ അന്യദൈവങ്ങൾ അവരെ രക്ഷിക്കുമോ? ഇല്ല! ദൈവത്തിനു മാത്രമേ അവരെ രക്ഷിക്കുവാൻ കഴിയുകയുള്ളൂ. ജനങ്ങൾ യിരെമ്യാവിനോട് വളരെ കോപിക്കയും അദ്ദേഹത്തെ കൊന്നുകളയുവാൻ പദ്ധതി തയ്യാറാക്കുകയും ചെയ്തു.

എന്നാൽ ദൈവം തന്റെ ദാസനെ സംരക്ഷിച്ചു.



ഒടുവിൽ, ദൈവം ഒരുകാര്യം
അരുളിച്ചെയ്തത് യിരെമ്യാവിനെ
സ്തംഭിപ്പിച്ചിട്ടുാകും. ദൈവം
അരുളിച്ചെയ്തു: “ഈ ജനത്തിനുവേ
ി പ്രാർത്ഥിക്കരുത്. അവർ
സഹായിക്കാനായി
നിലവിളിക്കുമ്പോൾ ഞാൻ
കേൾക്കുകയില്ല.”



ബാബിലോണ്യ
സൈന്യത്തോടുള്ള ഏറ്റുമുട്ടലിൽ
താൻ പരാജയപ്പെടുമെന്ന്
രാജാവിന് യിരെമ്യാവ്
മുന്നറിയിപ്പു നല്കി. രാജാവ്
കോപിക്കയും യിരെമ്യാവിനെ
ജയിലിൽ അടയ്ക്കുകയും
ചെയ്തു. ജയിലിലും യിരെമ്യാവ്
ദൈവത്തിൽ ആശ്രയിക്കുകയും
പ്രസംഗിക്കുകയും ചെയ്തു.





ജയിലിൽനിന്ന് പുറത്തുവന്ന
ശേഷവും, രാജാവും ജനങ്ങളും
തങ്ങളുടെ പാപവഴികൾ വിട്ട്
ദൈവത്തിങ്കലേക്ക് തിരിയേതിനും
ദൈവത്തിലാശ്രയിക്കേതിനും
വേി യിരെമ്യാവ് പിന്നെയും
പ്രസംഗിച്ചു.
ഇപ്രാവശ്യം രാജാവ്
യിരെമ്യാവിനെ
ആഴമുള്ള ചെളി
നിറഞ്ഞ
പൊട്ടക്കിണറ്റിലാണ്
ഇട്ടത്.

എന്നാൽ ദൈവം രാജാവിന്റെ ഹൃദയത്തിൽ പ്രവർത്തിച്ചുകൊ ിരുന്നു. അവൻ രഹസ്യത്തിൽ യിരെമ്യാവിനെ അവിടെനിന്നു വിടുവിക്കുകയും, രാജാവ് എന്തുചെയ്യാനാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് ചോദിക്കുകയും ചെയ്തു.



“പ്രവാസത്തിലേക്ക് പോവുക,
ദൈവം
പറയുന്നു
നീ
ജീവിച്ചിരിക്കുമെന്ന്”,
ഇതായിരുന്നു മറുപടി.

ബാബിലോണ്യ സൈന്യം യെരൂശലേമിനെയും യെഹൂദ്യ ഒക്കെയും കീഴടക്കി. മതിലുകളും കെട്ടിടങ്ങളും അവർ തകർക്കുകയും സകലതും തീവെച്ച് നശിപ്പിക്കുകയും ചെയ്തു. തന്റെ ജനം എഴുപത് വർഷം പ്രവാസികളായി പാർക്കുകയും, പിന്നെ അവൻ അവരെ



വാഗ്ദത്തനാട്ടിലേക്ക് മടക്കികൊുവരികയും ചെയ്യുമെന്ന് ദൈവം അരുളിച്ചെയ്തിരുന്നു.

# യിരെമ്യാവ്, കണ്ണീരിന്റെ മനുഷ്യൻ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

യിരെമ്യാവ്

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16